(ബി) ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത സ്ഥലത്ത് സ്കൂൾ ആവശ്യത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്ഥലത്തിന്റെ അതിർത്തി സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഉള്ളതിനാൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ കരിക്കാട് വില്ലേജിലെ കുടികിടപ്പുകാർ

235 (1292) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്ക് കരിക്കാട് വില്ലേജിലെ സർവ്വേ നമ്പർ 110, 111-ലെ കുടികിടപ്പുകാർക്ക് പട്ടയം നൽകുന്നതിന് കാലതാമസം ഒഴിവാക്കി നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ട് എം.എൽ.എ. കലക്ടർക്ക് നൽകിയ കത്തിൽ ജില്ലാകളക്ടർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) എത്ര കുടികിടപ്പുകാർക്കാണ് ഇവിടെ ഭൂമി പതിച്ചുനൽകാനായി തീരുമാനമെടുത്തിട്ടുള്ളത് ;

(സി) കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ കന്നുകാലിമേച്ചിൽപുറം സ്ഥലമായ ഈ ഭൂമി, പതിച്ചുനൽകുന്നതിനായി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി ഗവൺമെന്റ് ഉത്തരവിറങ്ങി 3 വർഷത്തോളമായിട്ടും പതിച്ചുനല്കാത്തതിനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഭൂമി എന്നത്തേക്ക് പതിച്ചുനൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്ക് കരിക്കാട് വില്ലേജിലെ സർവ്വേ നമ്പർ 110, 111-ലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനായി താലൂക്ക്തല ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പതിവ് പ്രൊപ്പോസൽ അടിയന്തരമായി സമർപ്പിക്കുന്നതിന് 17-8-2012 മുതൽ തുടർച്ചയായി 6-11-2014 വരെ തലപ്പിള്ളി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിലെ 39 പേർക്ക് പട്ടയം നൽകുന്നതിനെതിരെ ആക്ഷേപം ഉണ്ടെങ്കിൽ ബോധിപ്പിക്കുവാൻ 12(1) നോട്ടീസ് നൽകിയിട്ടുള്ളതും ആക്ഷേപമില്ലാത്തതിനെ തുടർന്ന് ടി അപേക്ഷകൾ 22-11-2014 തീയതിയിൽ നടന്ന താലൂക്ക്തല ഭൂമി പതിവ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ 39 പേർക്ക് ഭൂമി പതിച്ചുനൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(സി) ടി സ്ഥലത്തുനിന്ന് റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം മാർക്ക് ചെയ്ത് ലഭിക്കാൻ വൈകിയതിനാലാണ് പതിച്ചുനൽകുന്നതിന് കാലതാമസം വന്നത്.

(ഡി) 22-11-2014 തീയതിയിൽ താലൂക്ക്തല ഭൂമി പതിവ് കമ്മിറ്റി, അപേക്ഷകൾ പാസ്സാക്കിയിട്ടുള്ളതിനാൽ അടിയന്തരമായി പതിച്ചുനൽകുന്നതാണ്.

സീറോ ലാന്റ് പദ്ധതി

236 (1293) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിൽ ഭൂരഹിതരായി എത്രപേരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇതിൽ എത്രപേരാണ് സീറോ ലാൻഡ് സ്കീം പ്രകാരം ഭൂമിക്ക് അപേക്ഷ നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഭൂരഹിതർക്കു പതിച്ചുനൽകുവാനായി എത്ര ഭൂമിയാണ് ജില്ലയിൽ അളന്ന് തിട്ടപ്പെടുത്തി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതൊക്കെ വില്ലേജുകളിൽ, എത്ര ഭൂമി വീതമാണ് സീറോ ലാൻഡ് പദ്ധതിക്കുവേണ്ടി അളന്ന് തിരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഭൂമിയുടെ അളവുമായി ബന്ധപ്പെട്ട് പരാതികൾ ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം 10271 കുടുംബങ്ങളെയാണ് അർഹരായ ഭൂരഹിതരാണെന്ന് കണ്ടെത്തിയിട്ടുള്ളത്. കാസർഗോഡ് ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ ലഭിച്ച 17905 അപേക്ഷകരിൽ അന്വേഷണപ്രകാരം അർഹരായി കണ്ടെത്തിയത് 10271 കുടുംബങ്ങളെയാണ്. അർഹരായ മുഴുവൻ പേർക്കും ഭൂമി വിതരണം ചെയ്തു. പിന്നീട് അപേക്ഷ സ്വീകരിക്കുന്ന സമയം നീട്ടിയപ്പോൾ ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടന്നുവരുന്നു.

(സി) കാസർഗോഡ് ജില്ലയിൽ 927 ഏക്കർ (30900 പ്ലോട്ടുകൾ) ഭൂമി പ്രസ്തുത പദ്ധതിയിൽ അളന്നുതിട്ടപ്പെടുത്തി വിതരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നിന്നും കാസർഗോഡ് ജില്ലയിലെ 10271 കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമിവീതം ഭൂമിയുടെ പട്ടയം,വിതരണം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly